**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 256** **12-10-2026-ൽ മറുപടിയ്ക്ക്**

**'സുഭിക്ഷ ഹോട്ടൽ' പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. സി. മൊയ്തീൻ ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** സാധാരണക്കാർക്ക് ആശ്വാസമാകുന്ന വിധം തൃശ്ശൂർ ജില്ലയിൽ കുന്നംകുളത്ത് പ്രവൃത്തിച്ചുവരുന്ന 'സുഭിക്ഷ ഹോട്ടൽ' പദ്ധതി തുടർന്ന് കൊണ്ടു പോകുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്;

**മറുപടി:** തൃശ്ശൂർ ജില്ലയിൽ കുന്നംകുളത്ത് പ്രവർത്തിച്ചു വരുന്ന സുഭിക്ഷ ഹോട്ടലുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ എല്ലാ ബില്ലുകൾക്കും സബ്സിഡി തുക അനുവദിച്ചു നൽകിയിട്ടുണ്ട്. 2025 ആഗസ്റ്റ് മാസം മുതൽ സബ്സിഡി അനുവദിക്കുന്നതിനുള്ള ബില്ലുകൾ കുന്നംകുളം സുഭിക്ഷ ഹോട്ടലിൽ നിന്നും ലഭ്യമായിട്ടില്ലയെന്നതിനാൽ സബ്സിഡി തുക അനുവദിച്ചിട്ടില്ല.

**(ബി)** നിരവധി പേർക്ക് കുറഞ്ഞ നിരക്കിൽ ഗുണനിലവാരമുള്ള ഭക്ഷണം നൽകുന്ന സുഭിക്ഷ ഹോട്ടലിന് തുടർന്നും സബ്സിഡി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** സുഭിക്ഷ ഹോട്ടലുകളുടെ പ്രവർത്തനം സുഗമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്?

**മറുപടി:** വിശപ്പ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി, ഒരു നിയമസഭാ മണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ ആരംഭിച്ചിട്ടുള്ള സുഭിക്ഷ ഹോട്ടലുകൾക്ക് ടൈഡ് ഓവർ വിഹിതത്തിൽ നിന്നും കിലോഗ്രാമിനു 10.90 രൂപ നിരക്കിൽ അരി അനുവദിച്ചിട്ടുള്ളതാണ്. സുഭിക്ഷ ഹോട്ടൽ സുഗമമായി പ്രവർത്തിക്കുന്നതിനാവശ്യമായ വൈദ്യുതിചാർജ്, വെള്ളക്കരം എന്നിവയും ശുചീകരണത്തിനുള്ള ചെലവും നൽകി വരുന്നുണ്ട്. വിതരണം ചെയ്യുന്ന ഊണൊന്നിന് 5/-രൂപ നിരക്കിൽ സബ്സിഡിയും അനുവദിച്ച് വരുന്നുണ്ട്. അനുയോജ്യമായ കെട്ടിടങ്ങൾ കണ്ടെത്തി ലഭ്യമാക്കുന്ന സ്ഥലങ്ങളിൽ സുഭിക്ഷാ ഹോട്ടലുകൾ ആരംഭിക്കുന്നതിന് പദ്ധതി നിലവിലുള്ളതാണ്

**സെക്ഷൻ ഓഫീസർ**